# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലകമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി. 8/1484/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലകമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി. 8/1484/2023 തീയ്യതി: 03/11/2023

# തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീ. പ്രവീൺ.എൻ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അഖിൽരാജ്.ഡി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സൂര്യ.ആർ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ജെസി.എസ്. | സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീ. അബ്ദുൾ ഹക്കിം.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2022 | 08-05-2022 |
| ശ്രീമതി അജില.യു.എസ്. | സെക്രട്ടറി | 09-05-2022 | 05-10-2022 |
| ശ്രീ. ബി.പി.കുമാർ | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രതീഷ് കുമാർ.ടി. | കൃഷി ഓഫീസർ | 01-04-2022 | 04-04-2022 |
| ശ്രീമതി വൈശാഖി.എ.എസ്. | കൃഷി ഓഫീസർ | 05-04-2022 | 30-06-2022 |
| ശ്രീ. രതീഷ് കുമാർ.ടി. | കൃഷി ഓഫീസർ | 01-07-2022 | 27-09-2022 |
| ശ്രീ. ലാൽകുമാർ.കെ. | കൃഷി ഓഫീസർ | 28-09-2022 | 02-03-2023 |
| ശ്രീ. രതീഷ് കുമാർ.ടി. | കൃഷി ഓഫീസർ | 03-03-2023 | 31-03-2023 |
| ശ്രീമതി സ്മിത.സി.എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ജോണി.എസ്.പെരേര | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2022 | 31-05-2022 |
| ഡോ. അഞ്ജു ലിജിൻ | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-06-2022 | 30-06-2022 |
| ഡോ. സുജിത്ത്.ജി. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-07-2022 | 31-03-2023 |
| ഡോ. ബ്രിജില.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2022 | 17-04-2022 |
| ഡോ. പിങ്കി.എ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 18-04-2022 | 31-03-2023 |
| ഡോ. നിഷ.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ആശാറാണി.ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2022 | 25-09-2022 |
| ശ്രീ. ബിജു.ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 26-09-2022 | 05-02-2023 |
| ശ്രീമതി ആതിര.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 (ചാർജ്) | 06-02-2023 | 12-02-2023 |
| ശ്രീ. ബിജു.ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 13-02-2023 | 20-02-2023 |
| ശ്രീമതി ആതിര.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 (ചാർജ്) | 21-02-2023 | 31-03-2023 |
| ശ്രീ. ആദർശ് മോഹൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2022 | 25-07-2022 |
| ശ്രീമതി ആശാറാണി.ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2(ചാർജ്) | 26-07-2022 | 25-09-2022 |
| ശ്രീ. ബിജു.ജി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2(ചാർജ്) | 26-09-2022 | 16-01-2023 |
| ശ്രീമതി ആതിര.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 17-01-2023 | 31-03-2023 |
| ശ്രീമതി വിസി.ബി.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജെസി.എസ്. | സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീ. അബ്ദുൾ ഹക്കിം.കെ. | സെക്രട്ടറി(ചാർജ്) | 01-05-2022 | 08-05-2022 |
| ശ്രീമതി അജില.യു.എസ്. | സെക്രട്ടറി | 09-05-2022 | 05-10-2022 |
| ശ്രീ. ബി.പി.കുമാർ | സെക്രട്ടറി | 06-10-2022 | 31-03-2023 |
| ശ്രീമതി അജിത.എസ്.ആർ. | എച്ച്.എം. | 01-04-2022 | 30-06-2022 |
| ശ്രീ. ജോസ്.എം.എ. | എച്ച്.എം. | 01-07-2022 | 31-03-2023 |
| ശ്രീ. വിനുരാജ്.ഡി. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2022 | 19-07-2022 |
| ശ്രീമതി ഫെബീന.എച്ച്. | അസിസ്റ്റൻറ് എഞ്ചിനീയർ | 20-07-2022 | 09-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി ലക്ഷ്മി മോഹൻലാൽ | അസിസ്റ്റൻ്റ് എഞ്ചിനീയർ | 10-10-2022 | 31-03-2023 |
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ ഹക്കിം.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-10-2022 |
| ശ്രീമതി അനിത.കെ.ഒ. | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-5 |
| 7 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-6 |
| 8 | "Directly Debited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-7 |
| 9 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | " Liability In Respect Of Stale Cheque" ഹെഡിലെ തുകകൾ വരുമാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. | 1-1-11 |
| 13 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല. | 1-1-12 |
| 14 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-13 |
| 15 | 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തു നികുതി B- 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല | 1-1-15 |
| 17 | Advance Collection Of Revenues – Property Tax On Residential Buildings ആയി രേഖപ്പെടുത്തിയ തുക തൻവർഷത്തേയ്ക്ക് ക്രമീകരിച്ചിട്ടില്ല | 1-1-16 |
| 18 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-17 |

| | | |
|---|---|---|
| 19 | വിവിധ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-18 |
| 20 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-19 |
| 21 | Profession Tax Institution രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-20 |
| 22 | ഇ.എം.ഡി തുക വരവിൽ ക്രമീകരിച്ചത് - വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-21 |
| 23 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-22 |
| 24 | തൊഴിൽ രഹിത വേതനമായി അനുവദിച്ച തുകയുടെ വിവരം തെറ്റായി രേഖപ്പെടുത്തി. | 1-1-23 |
| 25 | റവന്യൂ ചെലവ് ആസ്തി സൃഷ്ടിച്ച ചെലവായി രേഖപ്പെടുത്തി | 1-1-24 |
| 26 | നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച തുക – സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-25 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല. | 1-1-26 |
| 28 | ജി.എസ്.ടി - അക്കൗണ്ട് ചെയ്യുന്നതിലെ അപാകം | 1-1-27 |
| 29 | മറ്റ് അപാകങ്ങൾ | 1-1-28 |
| 30 | ബജറ്റ് | 1-2 |
| 31 | ബജറ്റ് രൂപീകരണം - അപാകങ്ങൾ | 1-2-1 |
| 32 | ബജറ്റ് വകയിരുത്തൽ - അപാകങ്ങൾ | 1-2-2 |
| 33 | സാമ്പത്തിക വിശകലനം | 1-3 |
| 34 | ഗ്രാന്റ് വിനിയോഗം | 1-4 |
| 35 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 36 | പദ്ധതി അവലോകനം | 1-5 |
| 37 | ക്ഷേമ പദ്ധതികൾ | 1-6 |
| 38 | ക്യാഷ് പരിശോധന | 1-7 |
| 39 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 40 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 41 | പപ്പുക്കുട്ടി മെമ്മോറിയൽ പബ്ലിക് മാർക്കറ്റ് പുനരുദ്ധാരണം പൂർത്തിയാകുന്നതിൽ കാലതാമസം | 1-9-1 |

| | | |
|---|---|---|
| 42 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ | 1-9-2 |
| 43 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 44 | വസ്തു നികുതി -വിവിധ അപാകങ്ങൾ | 1-11 |
| 45 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-11-1 |
| 46 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-11-2 |
| 47 | അനധികൃത നിർമ്മാണം അപാകങ്ങൾ | 1-11-3 |
| 48 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-11-4 |
| 49 | വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല | 1-11-5 |
| 50 | നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനും , സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-11-6 |
| 51 | പെർമിറ്റ് രജിസ്റ്റർ പരിപാലനം - അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. | 1-11-7 |
| 52 | പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തി നികുതിചോർച്ച ഒഴിവാക്കേണ്ടതാണ്. | 1-11-8 |
| 53 | വസ്തു നികുതി - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്. | 1-11-9 |
| 54 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു | 1-11-10 |
| 55 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12 |
| 56 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് | 1-13 |
| 57 | ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ സാധ്യതകൾ തേടേണ്ടതാണ്. | 1-14 |
| 58 | പഞ്ചായത്തിന്റെ ആസ്തികൾ ലേലം ചെയ്തു നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ് | 1-15 |
| 59 | നികുതി / നികുതിയേതര വരവുകൾ - അവലോകനം | 1-16 |
| 60 | ലൈബ്രറി സെസ് - യഥാസമയം അടവാക്കുന്നില്ല | 1-17 |
| 61 | ഓൺലൈൻ പേമെന്റ് തുക ലഭ്യമാകുന്നതിന് കാലതാമസം | 1-18 |
| 62 | ലൈസൻസ് - അപാകങ്ങൾ | 1-19 |
| 63 | വളർത്തു നായകളുടെ ലൈസൻസ് – അപാകങ്ങൾ | 1-19 -1 |
| 64 | ഡയറി ഫാം ലൈസൻസ്- അപാകങ്ങൾ | 1-19-2 |
| 65 | ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ - അപാകങ്ങൾ | 1-19-3 |
| 66 | മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിച്ചു. | 1-20 |
| 67 | സ്ത്രീ പദവി പഠനം - പെൺ അടയാളങ്ങൾ - തുടർ വിവരം അറിയിക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 68 | അങ്കണവാടി പോഷകാഹാരം - വിലനിലവാരം പരിശോധനാ വിധേയമാക്കേണ്ടതാണ്. | 1-22 |
| 69 | ബയോ കമ്പോസ്റ്റ് ബിൻ വിതരണം- ബിൽ തുകയിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തില്ല. | 1-23 |
| 70 | ലൈഫ് 20-20 ഭവന നിർമ്മാണം - എസ്.സി.പി വിഹിതം പൊതുവിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് അനുവദിച്ചു. | 1-24 |
| 71 | ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-25 |
| 72 | ലൈഫ് പദ്ധതി പ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-26 |
| 73 | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 74 | പ്രവർത്തനമൊന്നുമില്ലാത്ത സാംസ്കാരിക നിലയം അറ്റകുറ്റപണിക്കായി 79,923/- രൂപ ചെലവഴിച്ചു. | 1-28 |
| 75 | കന്നുകുട്ടി പരിപാലന പദ്ധതി- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. | 1-29 |
| 76 | പൊതുസ്ഥലങ്ങളിൽ ബോർവെൽ നിർമ്മാണം- പദ്ധതി പൂർത്തിയാകുന്നതിൽ കാലതാമസം. | 1-30 |
| 77 | പ്രവർത്തനമില്ലാത്ത മാർക്കറ്റിൽ പുതിയ കെട്ടിടനിർമ്മാണം. | 1-31 |
| 78 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - ഉപയോഗ്യശൂന്യമായ കണക്ഷനുകൾ നിർത്തലാക്കണം | 1-32 |
| 79 | മെഡിക്കൽ ഓഫീസർ - എഫ് എച്ച് സി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയില്ല -61,29,312/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 80 | ആസ്തി സംരക്ഷണം - നടപടികൾ പുരോഗമിക്കുന്നു. | 1-34 |
| 81 | മൺചട്ടിയിൽ പച്ചക്കറികൃഷി - നിർവ്വഹണം സംബന്ധിച്ച് അവ്യക്തത - 8,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 82 | ഹരിതഭവനം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-36 |
| 83 | പുനർജനി - നിർവ്വഹണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല - 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലകമൺ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ ILGMS ഉൾപ്പെടുത്താനാകാത്തതിനാലാണ് ആയവ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/26.09.2023 ന്റെ മറുപടി)

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

"Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (4885041/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (9926949/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ILGMS – ലെ സാങ്കേതിക അപാകങ്ങളാണ് ഇതിന് കാരണമെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/26.09.2023 ന്റെ മറുപടി)

## 1-1-3 തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച ബി-1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ച് ബി-1 ഷെഡ്യൂൾ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ILGMS-ൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാകാത്തതിനാലാണ് ആയത് സമർപ്പിക്കാത്തതെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/26.09.2023 ന്റെ മറുപടി)

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്കിന്റെ വരവും ആയതിന്റെ വിതരണവും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ILGMS-ൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/26.09.2023 ന്റെ മറുപടി)

## 1-1-5 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assets ന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഹെഡ് കോഡ് | | ഇനം |
|---|---|---|---|
| | 2021-22 എ.എഫ്.എസ് പ്രകാരം | 2022-23 എ.എഫ്.എസ് പ്രകാരം | |
| 1 | 411300101 | 416100102 | Accumulated Depreciation-Roads & Bridges |
| 2 | 411310101 | 416100103 | Accumulated Depreciation-Sewerage & Drainage |
| 3 | 411320101 | 416100104 | Accumulated Depreciation-Waterways |
| 4 | 411330101 | 416100105 | Accumulated Depreciation-Public Lighting |
| 5 | 411400101 | 416100106 | Accumulated Depreciation-plant And Machinery |
| 6 | 41800101 | 416100110 | Accumulated Depreciation-Other Fixed Assets |

ഡിപ്രീസിയേഷൻ എന്നത് സാങ്കല്പിക ചെലവായതിനാലും, ഡിപ്രീസിയേഷൻ അധികമായി രേഖപ്പെടുത്തുന്നതിന്റെ ഫലമായി Income And Expenditure Deficit ആയി പ്രതിഫലിക്കുന്നതിനാലുമാണ് പട്ടികയിലെ ഇനങ്ങൾക്ക് തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കാത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫിക്സഡ് അസറ്റുകൾക്ക് നിശ്ചിത നിരക്കിനുള്ള ഡിപ്രീസിയേഷൻ നൽകേണ്ടതാണ്.

## 1-1-6 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

ഇന്ത്യൻ ഓവർസീസ് ബാങ്ക്, അയിരൂർ (അക്കൗണ്ട് നമ്പർ 33901000017747) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|
| 1 | 093507/26-04-2021 | 3,341 |

| | | |
|---|---|---|
| 2 | 093391/31-03-2021 | 437 |
| 3 | 431296/04-11-2020 | 9,600 |
| 4 | 091997/31-03-2022 | 342,000 |
| 5 | 159470/21-10-2021 | 18,564 |
| 6 | 875822/21-08-2019 | 910 |
| 7 | 161405/15-07-2022 | 560 |
| 8 | 161418/20-07-2022 | 255 |
| 9 | 092206/20-07-2022 | 1,300 |
| 10 | 092220/17-08-2022 | 2,500 |
| 11 | 6692459/01-08-2022 | 88,842 |
| 12 | 080616/05-11-2022 | 8,817 |
| 13 | 080619/10-11-2022 | 8,817 |
| 14 | 080666/08-12-2022 | 6,265 |
| | ആകെ | 492208 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അക്കൗണ്ടിൽ മാറാതെ നിൽക്കുന്ന ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 09/26.09.2023 ന്റെ മറുപടി).

## 1-1-7 "Directly Debited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

ഇന്ത്യൻ ഓവർസീസ് ബാങ്ക്, അയിരൂർ (അക്കൗണ്ട് നമ്പർ 33901000017747) ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Directly Debited By Bank ആയി രേഖപ്പെടുത്തിയിട്ടുള്ള 10555/- രൂപ (28.11.2022 തീയതിയിലെ 10000/- രൂപ, 31.03.2023 തീയതിയിലെ 555/- രൂപ) തുടർന്നുള്ള മാസങ്ങളിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ക്രമീകരിച്ചതായി കാണുന്നില്ല. റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് അപാകം പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-8 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന തുകകൾ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| 1 | Indian Overseas Bank AYIROOR | 33901000017747 | 47200 |
| 2 | State Bank Of India PALAYAMKUNNU ( E- Payment Account) | 37214579354 | 60,828 |

റീകൺസിലിയേഷൻ നടത്തി അക്കൗണ്ട് ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുകകൾ പൂർണമായും പഞ്ചായത്തിന്റെ വരവായി മാറ്റിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട

വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201213/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42201215/31.03.2023 |
| 110200101 | Profession Tax - Institutions | 42201205/31.03.2023 |

അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-10 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-11 " Liability In Respect Of Stale Cheque" ഹെഡിലെ തുകകൾ വരുമാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരുന്ന 29029/- രൂപ ഉൾപ്പെടെ 2022-23 വർഷം പ്രസ്തുത ഹെഡ്ഡിൽ നീക്കിയിരിപ്പുള്ള 48209/- രൂപ നിയമ പ്രകാരമുള്ള കാലപരിധി കഴിഞ്ഞത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023), 2023-24 സാമ്പത്തിക വർഷം തനതു ഫണ്ടിലേയ്ക്ക് വരവായി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് വർഷം കഴിഞ്ഞ Stale Cheque – കൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-12 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല.

ബാലൻസ് ഷീറ്റ് B-11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിലെ തുക "0" ആണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ടേക്ക് എ ബ്രേക്ക്(പ്രോജക്ട് നമ്പർ -49/23, ഫണ്ട് - വികസന ഫണ്ട് ജനറൽ ) പ്രോജക്ടിന്റെ പാർട്ട് ബിൽ ആയി നൽകിയ 349991/- രൂപയ്ക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/26.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തത്തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-13 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

വികസന ഫണ്ട് പൊതുവിഭാഗം ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുകകൾക്ക് തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/03.10.2023) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിക്കുന്ന തുക ജേണൽ എൻട്രി മുഖേന "Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

## 1-1-14 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ

പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ.ഉ(സാധാ) 115/2022 തീയതി 15.01.2022 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22/03/2022 ലെ 5(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് കൈകാര്യം ചെയ്യുന്നതിനായി 3 അക്കൗണ്ടുകൾ ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ തുടങ്ങുന്നതിന് തീരുമാനമായിരുന്നു. എന്നാൽ 2 അക്കൗണ്ടുകളുടെ വിവരങ്ങൾ മാത്രമാണ് RP – 40(b) ഷെഡ്യൂളിലും ബാലൻസ് ഷീറ്റ് B- 17 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്.

10/05/2022 ലെ 5(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം വാതിൽപ്പടി സേവനത്തിനായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ഫെഡറൽ ബാങ്കിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കുന്നതിനും 16/02/2023 ലെ 5(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം MNREGS പലിശ രഹിത ഹോൾഡിംഗ് അക്കൗണ്ട് SBI – യിൽ തുടങ്ങുന്നതിനും തീരുമാനമായിരുന്നു. പ്രസ്തുത അക്കൗണ്ടുകൾ RP – 40(b) ഷെഡ്യൂളിലും ബാലൻസ് ഷീറ്റ് B- 17 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല.

മേൽ അക്കൗണ്ടുകൾ ILGMS – ൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/03.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ വരും വർഷങ്ങളിലെ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-15 പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തു നികുതി B- 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരിശോധിച്ചതിൽ റസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി പൂർണമായും പിരിച്ചെടുത്തില്ലായെന്ന് കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂളിൽ Receivables For Property Tax “0” ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (ബുക്ക് അഡ്ജസ്റ്റ്മെന്റിന് ശേഷം) | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ (കറന്റ്) | 1774276 | 1512475 | 260905 | 1511353 | 1511353 | 0 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 1389367 | 1242708 | 147462 | 1242448 | 1242448 | 0 |
| റസിഡൻഷ്യൽ (അരിയർ) | 2885 | 843 | 2043 | 0 | 420 | 0 |

വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തിയപ്പോൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഡിമാന്റിൽ ഉൾപ്പെടുത്താത്തതാണ് അപാകത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 43/03.10.2023 ന്റെ മറുപടി). പഞ്ചായത്തിന് ലഭിക്കേണ്ട വരവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നത് അക്കൗണ്ട്സ് തയ്യാറാക്കിയതിലെ ഗുരുതര പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-16 Advance Collection Of Revenues – Property Tax On Residential Buildings ആയി രേഖപ്പെടുത്തിയ തുക തൻവർഷത്തേയ്ക്ക് ക്രമീകരിച്ചിട്ടില്ല

2021-22 ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂൾ പ്രകാരം, ഹെഡ് കോഡ് 350410101 Advance Collection Of Revenues – Property Tax On Residential Buildings ആയി രേഖപ്പെടുത്തിയ 165/- രൂപ തൻവർഷത്തേയ്ക്ക് ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുക കൂടി ഉൾപ്പെട്ട തുകയാണ് അഡ്വാൻസ് കളക്ഷനായി 2022-23 ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളത്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/03.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ മുൻവർഷത്തെ അഡ്വാൻസ് കളക്ഷൻ തുകകൾ തൻവർഷത്തേയ്ക്ക് ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-1-17 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-18 വിവിധ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ :- ഹെഡ് കോഡ് 460500202 Advance To Implementing Agencies - Deposit With Kerala Electricity Board ലെഡ്ജറിലെ ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ILGMS ൽ ഉൾപ്പെടുത്തിയിട്ടില്ല. ILGMS – ൽ പെൻഡിംഗ് ടാസ്ക് വഴി ജേണൽ രേഖപ്പെടുത്തിയപ്പോൾ ഫയൽ Arise ചെയ്യാത്തതിനാലാണ് രേഖകൾ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 43/03.10.2023). ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-19 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 1800971/- രൂപയും CFC Performance Grant നീക്കിയിരിപ്പ് 2167236/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 6356470/- രൂപയുമാണ് (ആകെ - 10324677/- രൂപ). CFC ഗ്രാന്റിനായുള്ള ICICI ബാങ്ക് അക്കൗണ്ടിലെ (നമ്പർ - 143301001178) നീക്കിയിരിപ്പ് 8124486/- രൂപയാണ്.

CFC Performance Grant – ന്റെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള 2167236/- രൂപ വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബി യിലും ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതിനായി നിലനിർത്തിയിട്ടുള്ള തുകയാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 43/03.10.2023 ന്റെ മറുപടി). അപ്രകാരമാണെങ്കിലും CFC Basic Tax Grant – ന്റെ നീക്കിയിരിപ്പും (1800971/- രൂപ), CFC Tied Fund – ന്റെ നീക്കിയിരിപ്പും (6356470/-) ചേർന്ന തുകയായ 8157441/- രൂപയും CFC ഗ്രാന്റിനായുള്ള ICICI ബാങ്ക് അക്കൗണ്ടിലെ (നമ്പർ - 143301001178) നീക്കിയിരിപ്പ് തുകയും (8124486/-) തമ്മിൽ 32955/- രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസം സംബന്ധിച്ച വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-20 Profession Tax Institution രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

Profession Tax Institution (Current) രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 88200 | 84500 | 3700 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 84500 | 84500 | 0 |

ബാലൻസ് ഷീറ്റ് ബി-15, ഷെഡ്യൂൾ ഹെഡ്കോഡ് 43120101 Receivables For Profession Tax – Institutions (Current) “0” (പൂജ്യം) ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ നികുതി ഡിമാന്റ് രേഖപ്പെടുത്തിയപ്പോൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് വിട്ടുപോയതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/03.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകം 2023-24 അക്കൗണ്ട്സിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-21 ഇ.എം.ഡി തുക വരവിൽ ക്രമീകരിച്ചത് - വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

Sale Of Usufructs Of Trees ഇനത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് 8290/- രൂപയും രജിസ്റ്റർ പ്രകാരമുള്ള വരവ് 8790/- രൂപയുമാണ്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/03.10.2023) ഇ.എം.ഡി ഇനത്തിൽ വാങ്ങിയ 500/- രൂപ വരവിനത്തിൽ ക്രമീകരിച്ചത് രേഖപ്പെടുത്താത്തതാണ് വ്യത്യാസത്തിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്. ബി-7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെട്ട 500/- രൂപ

വരവിനത്തിൽ ക്രമീകരിച്ചത് I- 5 ഷെഡ്യൂൾ ഹെഡ് കോഡ് 150100107 Receipts From Sale Of Usufructs Of Trees എന്ന ഹെഡിലേയ്ക്ക് ജേണൽ എൻട്രി മുഖേന ക്രമീകരിച്ചിട്ടില്ല. വരുംവർഷങ്ങളിൽ അപാകം ക്രമീകരിക്കേണ്ടതാണ്.

## 1-1-22 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വരും വർഷങ്ങളിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ യഥാസമയം നടത്തുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 43/03.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-23 തൊഴിൽ രഹിത വേതനമായി അനുവദിച്ച തുകയുടെ വിവരം തെറ്റായി രേഖപ്പെടുത്തി.

വാർഷിക ധനകാര്യ പത്രിക പ്രകാരം 2020-23 സാമ്പത്തിക വർഷം തൊഴിൽ രഹിത വേതന ഇനത്തിൽ ചെലവഴിച്ച തുക 1440/- രൂപയാണ്. ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ 01/01/2022 മുതൽ 01/06/2022 വരെയുള്ള തൊഴിൽ രഹിത വേതനമായി 28 പേർക്ക് 20040/- രൂപ അനുവദിച്ചതായി കാണുന്നു. ബിംസ് മുഖേന ലഭ്യമാക്കിയ വിവരം പരിശോധിച്ചതിൽ 01/07/2022 മുതൽ 31/12/2022 വരെയുള്ള തൊഴിൽ രഹിത വേതന ഇനത്തിൽ 2 പേർക്ക് 1440/- രൂപ നൽകുന്നതിനായുള്ള ബിൽ റിജക്റ്റ് ചെയ്തിട്ടുണ്ട്. തൊഴിൽ രഹിത വേതന ഇനത്തിൽ യഥാർത്ഥത്തിൽ ചെലവഴിച്ച 20040/- രൂപയുടെ ചെലവ് അക്കൗണ്ട്സിൽ ഉൾപ്പെടുത്താതെ റിജക്റ്റ് ചെയ്ത ബില്ലിന്റെ (1440/-) ചെലവ് ഉൾപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (53/ 03.10.2023) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-24 റവന്യൂ ചെലവ് ആസ്തി സൃഷ്ടിച്ച ചെലവായി രേഖപ്പെടുത്തി

ജൈവ കീടനാശിനിയും ജൈവവളവും വിതരണം ചെയ്യുന്നതിനായി കൃഷി ഓഫീസർ നിർവഹിച്ച പുനർജനി (പ്രോജക്റ്റ് നമ്പർ S0189/23) പ്രോജക്റ്റിന്റെ ചെലവ് I-14 Decentralised Plan Programme – Productive Sector ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ B-11(C) ഷെഡ്യൂളിൽ Agricultural Development-Infrastructure Facilities- Buildings - Krishi Bhavan – ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം റവന്യൂ ചെലവ് ആസ്തി സൃഷ്ടിച്ച ചെലവായി തെറ്റായി രേഖപ്പെടുത്തിയത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 60/04.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-25 നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച തുക – സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| നിർവഹണ ഏജൻസി | മുൻകൂർ നൽകിയ തുക | |
|---|---|---|
| | സുലേഖ ചെലവ് പത്രിക പ്രകാരം | ലെഡ്ജർ പ്രകാരം |
| കെ.എസ്.ഇ.ബി | 11380 | 21491 |

വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 40/30.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-26 വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക അഡ്വാൻസ് ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

Advance To Implementing Agencies – Deposit With Kerala Water Authority ലെഡ്ജർ (ഹെഡ് കോഡ് - 460500201) പരിശോധിച്ചതിൽ തൻവർഷം 386049/- രൂപ വിനിയോഗ ശേഷം തിരികെ അടവാക്കിയതായി കാണുന്നു. DB-4-12524/2022/DEPO/WSDN/ATL തീയതി 11.10.2022-ാം നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 749660/- വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക അഡ്വാൻസ് ഹെഡിൽ ക്രമീകരിച്ചിട്ടില്ല. തിരികെ ലഭിച്ച തുകയുടെ ക്രമീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 40/30.09.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-27 ജി.എസ്.ടി - അക്കൗണ്ട് ചെയ്യുന്നതിലെ അപാകം

CGST, SGST, GST TDS ഹെഡുകളുടെ ലെഡ്ജർ പരിശോധനയിൽ തുകകൾ ഡെബിറ്റ് ചെയ്തതായി (ജി.എസ്.ടി അടവാക്കിയതായി) കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് (2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം) | ഇനം | മുന്നിരിപ്പ് (2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം) | തൻവർഷം ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| 350200201 | Recoveries Payable - Income Tax Deducted At Source | 4541 | 0 | 4541 |
| 350200205 | Recoveries Payable - Goods And Services Tax (CGST) | 9992 | 9496 | 19488 |
| 350200206 | Recoveries Payable - Goods And Services Tax (SGST) | 9992 | 9496 | 19488 |
| 350200207 | Recoveries Payable - Goods And Services Tax - Tax Deducted At Source (CGST) | 0 | 5591 | 5591 |
| 350200208 | Recoveries Payable - Goods And Services Tax - Tax Deducted At Source (SGST) | 0 | 5591 | 5591 |

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇനത്തിൽ അക്കൗണ്ടിൽ വന്നിട്ടുള്ള തുകയിൽ നിന്നുമാണ് ജി.എസ്.റ്റി ഫയൽ ചെയ്തിരിക്കുന്നതെന്നും ആയതിനാലാണ് പ്രസ്തുത തുകകൾ ലയബിലിറ്റി ഹെഡിൽ പ്രതിഫലിച്ച് കാണുന്നതെന്നും (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 44/03.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി ഫയൽ ചെയ്ത തുകകൾ ജേണൽ എൻട്രി മുഖേന ക്രമീകരിച്ച് ലയബിലിറ്റി ഹെഡിൽ കുറവ് വരുത്തേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-1-28 മറ്റ് അപാകങ്ങൾ

1) വികസന ഫണ്ട് ജനറൽ, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) എന്നിവയുടെ എ.സി.ആർ, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരമുള്ള ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | 22088605 | 23211306 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 4147580 | 4138953 |

31/03/2023 - ൽ വെബ്സാംഖ്യയിൽ റിക്വിസിഷൻ രേഖപ്പെടുത്തിയതിൽ മേൽ തുകയ്ക്കുള്ള ബില്ലുകൾ ക്യൂബില്ലുകളായതാണ് തൻവർഷം ചെലവ് വരാത്തതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 43/03.10.2023 ന്റെ മറുപടി).

2) എം.എൻ.ആർ.ഇ.ജി.എസ് - ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക - ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക 34356005/- രൂപയാണ് (I -14 C). എന്നാൽ ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക 33215805/- രൂപയാണ്. വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 30/03/2022 | 27/03/2023 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 7092527 | 13206369 |
| പ്രതീക്ഷിത വരവ് | 275155533 | 366979804 |
| ആകെ | 282248060 | 380186173 |

| | | |
|---|---|---|
| പ്രതീക്ഷിത ചെലവ് | 277094633 | 369919886 |
| നീക്കിയിരിപ്പ് | 5153427 | 10266287 |

## 1-2-1 ബജറ്റ് രൂപീകരണം - അപാകങ്ങൾ

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

മേൽ രേഖകൾ ഉൾപ്പെട്ട ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ബജറ്റ് രൂപീകരണത്തിന്റെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ, 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ്, ബജറ്റ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-2-2 ബജറ്റ് വകയിരുത്തൽ - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികവുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് |
|---|---|---|---|
| 1101001 | വസ്തു നികുതി | 3990000 | 3031977 |
| 1102001 | തൊഴിൽ നികുതി | 2150000 | 1919592 |
| 1301001 | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 80000 | 58308 |
| 1304001 | പഞ്ചായത്ത് സ്വത്തുക്കളുടെ ദിവസ വാടക | 25000 | - |
| 1501001 | ഉൽപന്നങ്ങളുടെ വില | 27000 | 8290 |

ഇത്തരത്തിൽ പ്രതീക്ഷിത വരവിൽ നിന്നും യഥാർത്ഥ വരവിലുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (49/03.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബജറ്റിലെ പ്രതീക്ഷിത വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികവുമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 22884572 |
| ഓഡിറ്റ് വർഷത്തെ വരവ് | 45852698 |
| ആകെ | 68737270 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40967657 |
| നീക്കിയിരിപ്പ് | 27769613 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 161394410/- രൂപയും ചെലവ് 160490626/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 23897938 | 23897938 | 23211306 | 686632 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8682363 | 8682363 | 9222719 | -540356 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 6700488 | 6700488 | 6093890 | 606598 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5195796 | 5195796 | 3090889 | 2104907 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9306000 | 9306000 | 4098711 | 5207289 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5581000 | 5581000 | 4138953 | 1442047 |
| CSS | 0 | 0 | 0 | 636506 | -636506 |
| Sss | 0 | 0 | 0 | 3657143 | -3657143 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2022-23 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 23211306 |
| | ACR + Source Deduction ( 1817062) | 23905667 |
| | Accounts (I-6+ Corresponding Capital Contribution) | 23211306 |
| Maintenance Fund (Non Road) | Grant Statement | 4138953 |
| | ACR | 4147580 |
| | Accounts (I-6+ Corresponding Capital Contribution) | 4138953 |

31/03/2023 – ൽ വെബ്സാംഖ്യയിൽ റിക്വിസിഷൻ രേഖപ്പെടുത്തിയതിൽ മേൽ തുകയ്ക്കുള്ള ബില്ലുകൾ ക്യൂബില്ലുകളായതാണ് തൻവർഷം ചെലവ് വരാത്തതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 43/03.10.2023 ന്റെ മറുപടി). വ്യത്യാസം വന്ന തുക കൃത്യമായി റിപ്പോർട്ട് ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

2) സ.ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 9822000/- രൂപയിൽ 9222719/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 93.9%). പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പട്ടിക ജാതി ഉപപദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാന ആവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ് "0" യും നീക്കിയിരിപ്പ് നെഗറ്റീവുമായാണ് കാണിച്ചിട്ടുള്ളത്. കൂടാതെ വികസന ഫണ്ട് ജനറൽ, എസ്.സി.പി. എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്.

4) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9377901 | 8243403 | 88 |
| | പട്ടിക ജാതി | 285000 | 210750 | 74 |
| സേവനം | പൊതുവിഭാഗം | 76668051 | 33461486 | 44 |
| | പട്ടിക ജാതി | 43885089 | 13240485 | 30 |
| പശ്ചാത്തലം | പൊതുവിഭാഗം | 17179223 | 8906950 | 52 |

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|

| | | | |
|---|---|---|---|
| വനിത ഘടക പദ്ധതി | 3067600 | 2178344 | 71 |
| കുട്ടികൾ | 1707915 | 1674076 | 98 |
| വൃദ്ധർ | 1771900 | 1196942 | 68 |
| ഭിന്നശേഷിയുള്ളവർ | 2612155 | 1160584 | 44.43 |
| യുവജനങ്ങൾ | 120000 | 117115 | 98 |

6) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 1439153 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 305770 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാത്ത പക്ഷം തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|---|
| 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം | 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം | | |
| 320200313 | 320100160 | Rural Housing – Housing For All | 460000 |
| 320100115 | 320100181 | Total Sanitation Campaign | 40792 |
| 320200323 | 320100199 | Grant For Keraloltsavam | 4126 |
| 320200301 | 320200301 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds – Crematorium | 659774 |
| 320300103 | 320300103 | Grants, Funds & Contributions For Specific Purposes – Other Government Agencies – Total Sanitation | 278530 |
| 320100299 | 320400199 | Grants, Funds & Contributions For Specific Purposes – Other Financial Institutions | 10000 |
| 320500101 | 320500101 | Grants, Funds & Contributions For Specific Purposes – Welfare Bodies - Capital | 51350 |
| 320200307 | 320600101 | Grants, Funds & Contributions For Specific Purposes – International Organizations – Capital | 125000 |
| 320800202 | 320900102 | Donations Related To Pandemic / Epidemic Control | 39300 |

തുകകൾ ചെലവഴിക്കാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 476926/- രൂപ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക ഏതൊക്കെ പ്രവൃത്തികൾക്കായി ലഭിച്ചതാണെന്നും ആയത് ചെലവഴിക്കാത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. വിശദീകരണം

ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന ഗുണഭോക്തൃ വിഹിതം യഥാസമയം ചെലവഴിക്കുന്നതിനും ചെലവഴിക്കാത്തവ തിരികെ നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

9) RP-30 ഷെഡ്യൂൾ പ്രകാരം 2022-23 വർഷം വരവ് വന്ന ചുവടെ ചേർക്കുന്ന ഗ്രാന്റ് തുകകൾ തൻവർഷം ചെലവഴിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320100148 | National Rural Drinking Water Programme | 5000000 |
| 320100149 | National Rural Health Mission | 288968 |
| 320100198 | Grant From Suchitwa Mission | 10560 |

ലെഡ്ജർ പരിശോധിച്ചതിൽ മേൽ തുകകളിൽ National Rural Drinking Water Programme ഇനത്തിലുള്ള 5000000/- രൂപ ജലജീവൻ മിഷൻ റോഡ് റീസ്റ്റോറേഷൻ ചാർജിനത്തിൽ ലഭ്യമായ തുകയാണ്. പ്രസ്തുത തുകകൾ യഥാസമയം ഏത് ഉദ്ദേശ്യത്തിനാണോ ലഭ്യമായത് ആയിനത്തിൽ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ മുഖേന ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 25715000 | 23211306 | 2503694 |
| വികസനഫണ്ട് എസ്.സി.പി | 9822000 | 9222719 | 599281 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 5581000 | 4138953 | 1442047 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9306000 | 4098711 | 5207289 |
| ആകെ | 50424000 | 40671689 | 9752311 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)



(2)




വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ് സി പി എന്നീ ഫണ്ടുകളുടെ ഒന്നാംഘട്ട അലോട്ട്മെൻറ് മൂന്ന് ഗഡുക്കളായാണ് ലഭിച്ചതെന്നും രണ്ട് ഗഡുക്കൾ പൂർണമായി ചെലവഴിച്ചതായും അറിയിച്ചിട്ടുണ്ട്. മൂന്നാമത്തെ ഗഡു മാർച്ച് 27 നാണ് ലഭിച്ചതെന്നും ട്രഷറി നിയന്ത്രണങ്ങൾ കാരണം ബില്ലുകൾ സബ്മിറ്റ് ചെയ്യാൻ സാധിക്കാത്തതിനാലാണ് തുക ലാപ്സ് ആയത് എന്നുമാണ് ഓഡിറ്റ് അന്വേഷണം നമ്പർ 13 തീയതി 26.09.23 ന് മറുപടിയായി അറിയിച്ചിട്ടുള്ളത് .

| ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരം | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് | മുന്നിരിപ്പ് 2021-22 B4 ഷെഡ്യൂൾ പ്രകാരം | വരവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം) |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8173596 | 6700488 | 14874084 | 6093890 | 8780194 | 8523706 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 118641 | 5195796 | 5314437 | 3090889 | 2223548 | 1800971 |

(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 0 | 5260500 | 4963350 | 94.3 |
| വെറ്റിനറി സർജൻ | 9 | 9 | 0 | 2038116 | 1915803 | 94 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 18 | 15 | 3 | 7244112 | 6129312 | 84.6 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 0 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 0 | 1025000 | 1024290 | 99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 13 | 3 | 69966835 | 17330740 | 25 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 9 | 1 | 5737450 | 4448382 | 77 |
| സെക്രട്ടറി | 32 | 22 | 10 | 23740193 | 12313178 | 52 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 22 | 21 | 22232067 | 8063809 | 36 |
| ഹെഡ് മാസ്റ്റർ | 9 | 7 | 2 | 3447472 | 3223806 | 93 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 0 | 1700000 | 1600000 | 94 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 7 | 5 | 4703519 | 2750404 | 58 |
| ഫിഷറീസ് ഓഫീസർ | - | - | - | - | - | - |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 27841376 | 23211306 | 83 |
| എസ്.സി.പി. | 10391818 | 9222719 | 88 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15960093 | 9184779 | 57.5 |
| കേന്ദ്രാവിഷ്കത ഫണ്ട് | 4930000 | 636506 | 13 |
| സംസ്ഥാനാവിഷ്കത ഫണ്ട് | 34649505 | 3657143 | 11.5 |
| തനത് ഫണ്ട് | 3537853 | 2023457 | 57 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 18565638 | 6346000 | 34 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 14368037 | 1543500 | 11 |
| മെയിന്റനൻസ് റോഡ് | 9995000 | 4098711 | 41 |
| മെയിന്റനൻസ് റോഡിതരം | 6726297 | 4138953 | 61.5 |
| മറ്റുള്ളവ | 71706691 | 1523507 | 21 |
| ആകെ | 219101955 | 65586581 | 30 |

ആസൂത്രണ സമിതി

3) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. (ഭരണസമിതിയുടെ 15.12.2021ലെ 2(1) നമ്പർ തീരുമാനം)

4) പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഘടകസ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 13 തീയതി 26.9.23)

20.12.2021 (യോഗത്തിൽ 8 പേർ പങ്കെടുത്തു) 13.05.2022(യോഗത്തിൽ 11 പേർ പങ്കെടുത്തു)എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്.

5) ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

കാർഷിക മേഖല വളരെ പിന്നോക്കാവസ്ഥയിലാണെന്ന് യോഗത്തിൽ പരാമർശമുണ്ട്. തെങ്ങ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ശാശ്വതനടപടികൾ സ്വീകരിക്കുന്നതിനും യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

6) സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 15.12.21ലെ 2(4) നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

7) ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

8) ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

9) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്തിട്ടില്ല. വരും വർഷങ്ങളിൽ പദ്ധതികൾ ഫലപ്രദമായി മോണിററർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

10) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു..

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | ഓഡിറ്റ് എൻക്വയറി നമ്പർ 13 തീയതി 26.9.23ന്റെ മറുപടി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|
| I | ദാരിദ്രലഘൂകരണം | 17.05.22 | അതിദരിദ്രർക്ക് ഭക്ഷണം, മരുന്ന്, ലൈഫ് പദ്ധതി മുതലായ പദ്ധതികൾ നടപ്പിലാക്കി | അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കായി പദ്ധതികൾ രൂപീകരിക്കുക |
| Ii | വിദ്യാഭ്യാസം | 17.05.22 | പദ്ധതി രൂപീകരിച്ചിട്ടുണ്ട് | സ്കൂളുകളിലേക്ക് ആവശ്യമായ ബെഞ്ചും ഡസ്കും പാത്രങ്ങളും വാങ്ങുക |
| Iii | കൃഷി | 17.05.22 | നടപടി സ്വീകരിച്ചിട്ടില്ല | കാർഷിക സംഭരണ വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക |
| Iv | സാമൂഹ്യനീതി | 17.05.22 | പദ്ധതി രൂപീകരിച്ചിട്ടില്ല | ഭിന്നശേഷിക്കാർക്ക് കമ്പ്യൂട്ടർ സംവിധാനം, ടോയിലറ്റ് സംവിധാനം ഉണ്ടാക്കുക |
| V | പട്ടികജാതി വികസനം | 17.05.22 | പദ്ധതി രൂപീകരിച്ചിട്ടില്ല | പട്ടികജാതി കോളനികളിൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകിണറുകൾ വൃത്തിയാക്കുക |
| Vi | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് | 17.05.22 | പദ്ധതി രൂപീകരിച്ചിട്ടില്ല | കാവുകൾ സംരക്ഷിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കുക |

11) സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

12) സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഏതാനും പ്രശ്നങ്ങളും അവയ്ക്ക് സ്വീകരിച്ച പരിഹാര നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | ഓഡിറ്റ് എൻക്വയറി നമ്പർ 13 തീയതി 26.9.23ന്റെ മറുപടി |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | ഗുരുതരം | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. |
| Ii | ആരോഗ്യം | ഗുരുതരം | ഭൗതികസാഹര്യത്തിന്റെ ദൗർലഭ്യം | ഹോസ്പിറ്റലുകളുടെ അറ്റകുറ്റപ്പണിക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| Iii | കുടിവെള്ളം ശുചിത്വം | ഗുരുതരം | വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം | പൊതുസ്ഥലങ്ങളിൽ ബോർവെൽ നിർമ്മാണം, കുടിവെള്ള വിതരണം പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| Iv | സാമൂഹ്യനീതി | ഗുരുതരം | അങ്കണവാടി കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുക | അങ്കണവാടികളുടെ അറ്റകുറ്റപ്പണിക്കായി വിവിധ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

13) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടുണ്ട്.

14) പദ്ധതി അവലോകനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 161 | 116 | 45 | 147395264 | 64063074 | 43 |

15) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയിട്ടുണ്ട്.

16) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്തിയിട്ടില്ല.

17) മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2023-24 വർഷം പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

18) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

19) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ല.

20) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. CSR Fund ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

21) മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനുള്ള പ്രവൃത്തി നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ഉതകുന്ന വിധത്തിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടും പദ്ധതിപ്പണം പൂർണ്ണമായി ഉപയോഗിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 20040 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 987200 | 56 |
| വിധവ പെൻഷൻ | 15751800 | 841 |
| വാർദ്ധക്യകാലപെൻഷൻ | 30629000 | 207 |
| വികലാംഗപെൻഷൻ | 5862200 | 530 |
| വിവാഹധനസഹായം | 450000 | 15 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 175400 | 10 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2023, 10.15AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1951 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന നടപടിക്രമങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

എ) ഓഫീസ് ഉത്തരവ് നമ്പർ 36/25.11.2022 പ്രകാരം, ILGMS ൽ വളരെയധികം ഫയലുകൾ തീർപ്പാക്കാതെ Delayed/ Pending എന്നീ വിഭാഗത്തിൽ അവശേഷിക്കുന്നതിനാൽ ഇവ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ILGMS ഫയലുകളുടെ പെൻഡിംഗ് സംബന്ധിച്ച് പ്രതിമാസ മീറ്റിംഗുകളിൽ അവലോകനം നടത്തി, ഫയലുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് ഫയലുകളുടെ എണ്ണം കുറവ് ചെയ്ത് പൊതുജനങ്ങൾക്ക് സമയബന്ധിത സേവനം നൽകി വരുന്നതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/29.09.2023ന്റെ മറുപടി).

ബി) 100 ശതമാനം നികുതി പിരിവിനായി തുടർച്ചയായി ഓഫീസ് ഉത്തരവുകൾ മുഖേന ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട് (04/09.01.23, 12/02.03.23, 15/17.03.23, 16/24.03.23). എന്നാൽ, 2022-23 വർഷം നികുതി പിരിവ് 89 ശതമാനമാണ്.

2) കൃത്യമായ ഇടവേളകളിൽ (8/22, 11/22, 2/23 മാസങ്ങളിലേതൊഴികെ) സ്റ്റാഫ് മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

എ )റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

ബി) അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാരെ 06.07.2022ലെ സ്റ്റാഫ് മീറ്റിംഗിൽ ചുമതലപ്പെടുത്തിയിരുന്നു. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷം പൗരാവകാശരേഖ പുതുക്കിയിട്ടില്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. ഇപ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) ഗ്രാമ പഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 12.06.2022 ൽ അവസാനിച്ചതായും അതിനുശേഷം പുതുക്കിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

6) റിക്കോഡ് റൂം സജ്ജീകരിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതി മൂലം ക്രമപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം ക്രമരഹിതമായ സംവിധാനം നിലനിൽക്കുന്നതിനാൽ ഓഡിറ്റിന് വിവിധ ഫയലുകൾ/ രജിസ്റ്ററുകൾ ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വാടക രജിസ്റ്റർ പുതുതായി തയ്യാറാക്കി അവസാന ദിവസമാണ് ലഭ്യമാക്കിയത്. മരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

7) ഓഡിറ്റിനായി ലഭ്യമാക്കിയ പ്രൊഫോമയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ഇൻകുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ഓൺലൈൻ സംവിധാനം നിലവിലുള്ളതിനാൽ ടോക്കൺ സമ്പ്രദായത്തിന് കാലികപ്രസക്തിയില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

9) ധനകാര്യ പത്രിക തയ്യാറാക്കിയതിൽ വളരെയധികം അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

10) തനത് ഫണ്ട് വൗച്ചറുകൾ ക്രമത്തിലും പൂർണമായും ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

11) വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

12) പൊതുസ്ഥലങ്ങളിൽ ബോർവെൽ നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം ഭരണ സമിതിയുടെ ശ്രദ്ധ പതിയേണ്ട വിഷയമാണ്.

## 1-9 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3067 | 1168485 | 1171552 | 1168479 | 3073 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34356005 | 34356005 | 34356005 | 0 |
| ആകെ | 3067 | 35524490 | 35527557 | 35524484 | 3073 |

* ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണ ചെലവുകളുടെ മുന്നിരിപ്പ് 3067.90 രൂപയും നീക്കിയിരിപ്പ് 3073.12 രൂപയുമാണ്.

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. പ്രസ്തുത അപാകം ഖണ്ഡിക നമ്പർ 1-1-28-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9-1 പപ്പുക്കുട്ടി മെമ്മോറിയൽ പബ്ലിക് മാർക്കറ്റ് പുനരുദ്ധാരണം പൂർത്തിയാകുന്നതിൽ കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | പപ്പുക്കുട്ടി മെമ്മോറിയൽ പബ്ലിക് മാർക്കറ്റ് പുനരുദ്ധാരണം. |
| നിർവ്വഹണോദ്യോഗസ്ഥൻ | എ ഇ NREGS |
| A S നമ്പർ/തുക | 16(2) Dt 24.8.22, 913587/- |
| എം ബുക്ക് നമ്പർ | 48/22-23 |

വാർഡ് 8 ലെ പപ്പുക്കുട്ടി മെമ്മോറിയൽ പബ്ളിക് മാർക്കറ്റ് പുനരുദ്ധാരണപ്രവൃത്തികൾക്കായി NREGS മുഖാന്തിരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 9,13,587/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ വിദഗ്ധ മസ്റ്റർ റോൾ ഇഷ്യൂ ചെയ്തിട്ടില്ല. ഈ പ്രവൃത്തിയുടെ കോൺട്രാക്ടർ ആയ രാധാകൃഷ്ണൻ എന്നയാൾ തന്നെയാണ് അവിദഗ്ധ മസ്റ്റർ റോളിലും ഒപ്പ് രേഖപ്പെടുത്തി പണം കൈപ്പറ്റിയിരിക്കുന്നത്. നിർമ്മാണ സാധനങ്ങളുടെ ബില്ലുകളും വൗച്ചറുകളും ഒന്നും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 52 തീയതി 03.10.23 ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ.രാധാകൃഷ്ണൻ പഞ്ചായത്തിലെ സ്ഥിര താമസക്കാരനായതിനാലാണ് തൊഴിൽ കാർഡ് അനുവദിച്ചിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിക്ക് നാളിതുവരെ 43500/- രൂപ മാത്രമാണ് പേയ്മെന്റ് നൽകിയിട്ടുള്ളതെന്നും ബില്ലുകളും മറ്റും ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ തുക നൽകുകയുള്ളൂവെന്നും അറിയിച്ചിട്ടുണ്ട്.

2022-23 ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം 03.10.23ന് പ്രസ്തുത മാർക്കറ്റ് സന്ദർശിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന്റെ അടിസ്ഥാനം മാത്രമാണ് കെട്ടിയിട്ടുള്ളത്. പദ്ധതി പ്രദേശം മുഴുവനും കാട് പിടിച്ച് കിടക്കുന്നതായും കാണുവാൻ കഴിഞ്ഞു. കെട്ടിട നിർമ്മാണം സർക്കാർ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ച് എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ബില്ലുകൾ ഹാജരാക്കുമ്പോൾ നിയമാനുസൃത നികുതികൾ കുറവ് ചെയ്ത് തുക നൽകുന്നതിനും ശ്രദ്ധിക്കേണ്ടതും പുനരുദ്ധാരണം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-9-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ

2022-23 വർഷം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വാർഡുകളുടെ എണ്ണം | മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ | പൊതു ആസ്തി വികസന പ്രവൃത്തികൾ | വ്യക്തിഗത ആസ്തി വികസന പ്രവൃത്തികൾ | ആകെ |
|---|---|---|---|---|
| 16 | 51 | 11 | 58 | 120 |

2022-23 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ താഴെപ്പറയുന്നു.

1) മൂല്യ നിർണയ സാക്ഷ്യപത്രങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

2) നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് പല ഫയലിലും ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

3) പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

4) പ്രവൃത്തി ഫയലുകളിൽ റ്റി.എസ്, എ.എസ്, വർക്ക് അലോക്കേഷൻ ഫോം, മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്, ആക്ഷൻ പ്ളാൻ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് മുതലായവ സൂക്ഷിക്കുന്നില്ല.

5) ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി ആകെ 120 പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വാർഡുകളിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ തുടർസംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

6) പഞ്ചായത്തിൽ മാസത്തിൽ ഒരു ദിവസം തൊഴിൽ ദിനം (റോസ് ഗാർ ദിവസ്) ആചരിക്കുന്നില്ല.

7) പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

8) വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഫയലുകളിൽ കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പുനസംഘടിപ്പിച്ച് പദ്ധതികളുടെ പരിശോധന നടത്തുന്നില്ല.

9) വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

10) പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ പ്രസ്തുത പ്രവൃത്തിയുടെ ഫലമായി ഉണ്ടായ പ്രത്യുല്പാദനപരമായ പുരോഗതി വിലയിരുത്തപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ വ്യക്തിഗത ആസ്തികളുടെ നിർമ്മാണവും സംരക്ഷണവും, കൃഷിഭൂമി കൃഷിക്ക് യോഗ്യമാക്കൽ, പൊതു ആസ്തി സംരക്ഷണം, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക മുതലായ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.07.2022 | 01.01.2021 മുതൽ 31.3.20222 വരെ | 05.07.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |

## 1-11 വസ്തു നികുതി -വിവിധ അപാകങ്ങൾ

വസ്തു നികുതി ശേഖരണവുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-11-1 വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

സ.ഉ.(അച്ചടി)നം.25/2023/LSGD തീയതി 05/04/2023 പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം

നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 20.04.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം ചെയ്തു. തുടർന്ന്, 23.09.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ നികുതി നിരക്കുകൾ പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് ശേഷം സഞ്ചയയിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 4 | 6 |
| ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 40 | 45 |
| സ്വകാര്യ ഹോസ്റ്റൽ | 30 | 40 |
| മൊബൈൽ ടവർ | 400 | 500 |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത് ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 04/23.09.2023 -ന്റെ മറുപടി)

## 1-11-2 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പ് പ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. / കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം | ഉപയോഗ ക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 7/193 | മെറ്റ്ക, ചാവർകോഡ് | 452.9 M2 | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

| | | | | | |
|---|---|---|---|---|---|
| 2 | 7/194 | മെറ്റ്ക, ചാവർകോട് | 502 M2 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 3 | 7/341 | വലിയ കുനമ്പായിക്കുളം കോളേജ് | 966.41 M2 | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 4 | 7/342 | വലിയ കുനമ്പായിക്കുളം കോളേജ് | 966.64 M2 | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 5 | 12/322 | എം.ജി.എം സ്കൂൾ | 151.6 M2 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 6 | 12/324 | എം.ജി.എം സ്കൂൾ | 351.6 M2 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 7 | 12/326 A | എം.ജി.എം സ്കൂൾ | 105 M2 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 8 | 12/328 | എം.ജി.എം സ്കൂൾ | 90 M2 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 9 | 12/329 | എം.ജി.എം സ്കൂൾ | 25 M2 | വിദ്യാഭ്യാസാവശ്യം | വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

ക്രമ നം. 2,5,6,7,8 - ലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഞ്ചയയിൽ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ടായിരുന്നിട്ടും നിലവിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (57/04.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ട മുഴുവൻ വരുമാനവും ഡിമാന്റ് ചെയ്യേണ്ടതും ആയത്

പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11-3 അനധികൃത നിർമ്മാണം അപാകങ്ങൾ

1) അനധികൃത നിർമ്മാണം - തുടർനടപടി അനിവാര്യം

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കിയ വിവരം പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രകാരം 17 കെട്ടിടങ്ങൾ അനധികൃത നിർമ്മാണങ്ങളായി നിലനിൽക്കുന്നുണ്ട്.

| ക്രമ നമ്പർ | കെട്ടിട ഐ.ഡി | കെട്ടിട നമ്പർ | ഉപയോഗക്രമം | തറ വിസ്തീർണ്ണം ( $M^2$) | ഉപയോഗം തുടങ്ങിയ തീയതി | ഈടാക്കുന്ന വാർഷിക വസ്തു നികുതി ( രൂപ) |
|---|---|---|---|---|---|---|
| 1 | 50227010015357 | 4/264/A | പാർപ്പിടാവശ്യം | 92 | 08/03/2017 | 1070 |
| 2 | 50227010015175 | 5/1/T | പാർപ്പിടാവശ്യം | 15 | 13/07/2016 | 110 |
| 3 | 50227010015301 | 6/1/2016-17 | പാർപ്പിടാവശ്യം | 31.22 | 07/01/2017 | 229 |
| 4 | 50227010015815 | 7/1/E | പാർപ്പിടാവശ്യം | 46 | 21/04/2016 | 469 |
| 5 | 50227010016872 | 7/631/B/UA | പാർപ്പിടാവശ്യം | 47 | 01/04/2022 | 820 |
| 6 | 50227010015207 | 9/1/T | പാർപ്പിടാവശ്യം | 57.8 | 27/08/2016 | 504 |
| 7 | 50227010015910 | 9/612/A | പാർപ്പിടാവശ്യം | 133.2 | 30/10/2018 | 1549 |
| 8 | 50227010015353 | 10/1/U/A | പാർപ്പിടാവശ്യം | 56 | 08/02/2017 | 653 |
| 9 | 50227010015176 | 11/1/T | പാർപ്പിടാവശ്യം | 10 | 16/07/2016 | 74 |
| 10 | 50227010015225 | 11/2/u/a | പാർപ്പിടാവശ്യം | 27.5 | 03.10.2016 | 281 |
| 11 | 50227010016316 | 12/41/U/A | പാർപ്പിടാവശ്യം | 20 | 02.04.2020 | 173 |
| 12 | 50227010015670 | 12/105/D | പാർപ്പിടാവശ്യം | 20 | 20.01.2016 | 176 |
| 13 | 50227010015155 | 14/3/UA | പാർപ്പിടാവശ്യം | 39 | 02.06.2015 | 316 |
| 14 | 50227010015870 | 14/123/C | പാർപ്പിടാവശ്യം | 44 | 22.01.2018 | 513 |
| 15 | 50227010015512 | 16/3/C | പാർപ്പിടാവശ്യം | 38.16 | 30.06.2016 | 447 |
| 16 | 50227010015705 | 16/4/B | പാർപ്പിടാവശ്യം | 44.8 | 29.06.2016 | 44.8 |
| 17 | 50227010015153 | 16/16/02 /2016-17(T) | പാർപ്പിടാവശ്യം | 55 | 02.06.2015 | 639 |

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ അപേക്ഷ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്(Demolition Of Buildings Not Regularised). മേൽ പട്ടികപ്പെടുത്തിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലായെന്നും അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം നടത്തി ക്രമവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 21/29.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്.കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിൽ ആയിരിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന 'U/A' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ

നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഇതുവരെ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന രീതിയിലാണ് കെട്ടിട നമ്പർ അനുവദിച്ചു പോരുന്നത്. ചട്ടങ്ങൾ പ്രകാരം 'U/A' ചേർത്ത് പ്രത്യേക നമ്പർ അനുവദിച്ചിട്ടില്ല. അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 21/29.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-11-4 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 34 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Thonippara | 893 | 0 | 893 | 0 | 893 | 0 | 893 | 0 |
| 2 | ( 2 ) Hariharapuram | 975 | 1 | 974 | 0 | 974 | 0 | 974 | 1 |
| 3 | ( 3 ) Ooninmoodu | 1087 | 26 | 1061 | 0 | 1061 | 0 | 1061 | 26 |
| 4 | ( 4 ) Kaliackal | 1024 | 0 | 1024 | 0 | 1024 | 0 | 1024 | 0 |
| 5 | ( 5 ) ELAKAMAN | 928 | 0 | 928 | 0 | 928 | 0 | 928 | 0 |
| 6 | ( 6 ) Kizhakkepuram | 921 | 1 | 920 | 0 | 920 | 0 | 920 | 1 |
| 7 | ( 7 ) VENCODE | 945 | 0 | 945 | 0 | 945 | 0 | 945 | 0 |
| 8 | ( 8 ) Palayamkunnu | 837 | 0 | 837 | 0 | 837 | 0 | 837 | 0 |
| 9 | ( 9 ) Shasthamnada | 944 | 1 | 943 | 0 | 943 | 0 | 943 | 1 |
| 10 | ( 10 ) Kadavinkara | 823 | 0 | 823 | 0 | 823 | 0 | 823 | 0 |
| 11 | ( 11 ) Kalathra | 1048 | 0 | 1048 | 0 | 1048 | 1 | 1047 | 1 |
| 12 | ( 12 ) Moolabhagam | 1084 | 2 | 1082 | 0 | 1082 | 0 | 1082 | 2 |
| 13 | ( 13 ) Ayiroor | 873 | 1 | 872 | 0 | 872 | 0 | 872 | 1 |
| 14 | ( 14 ) Kayalpuram | 688 | 0 | 688 | 0 | 688 | 0 | 688 | 0 |
| 15 | ( 15 ) Villapuram | 955 | 1 | 954 | 0 | 954 | 0 | 954 | 1 |
| 16 | ( 16 ) Kedakulam | 1173 | 0 | 1173 | 0 | 1173 | 0 | 1173 | 0 |
| | Total | 15198 | 33 | 15165 | 0 | 15165 | 1 | 15164 | 34 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നിലവിൽ INACTIVE ആണെന്നും ACTIVE ആകുന്ന മുറയ്ക്ക് പരിശോധിച്ച് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാത്ത 34 കെട്ടിടങ്ങളുടെയും പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 22/29.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-5 വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ബിൽഡിങ്ങുകളുടെ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ലായെന്ന് കാണുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ | 2049330 | 1749796 | 303360 |
| നോൺ റസിഡൻഷ്യൽ | 1599071 | 1432675 | 169800 |

ഡിമാന്റ് ചെയ്ത വസ്തു നികുതിയിൽ 87 % മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു.തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാതിരുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-6 നിലവിലുള്ള കെട്ടിടത്തിന്റെ വിവരം സൈറ്റ് പ്ലാനും , സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ പുതുതായി നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ "Completed Plan " -ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന " Exististing Building"- ന്റെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള പ്രസ്തുത കെട്ടിടങ്ങളുടെ വിസ്തീർണ്ണവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | 400199/BABC06/GPO/2022/1902 |
| കെട്ടിട ഉടമ | ശ്രീ. വിനോദ് |
| കെട്ടിട നമ്പർ | 2/432 A |
| ഉപയോഗക്രമം | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| വിസ്തീർണം | 13.26 $M^2$ |

വാണിജ്യാവശ്യത്തിനുമുള്ള കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനായാണ് മേൽ അപേക്ഷ ലഭ്യമാക്കിയിരിക്കുന്നത്. കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന II/432 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 82 M2 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 65$m^2$ മാത്രമാണുള്ളത്.

വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( 14/26.09.2023) നൽകിയതിനെ തുടർന്ന് ടാക്സ് റിവിഷൻ നടത്തി തറവിസ്തീർണ്ണത്തിൽ മാറ്റം വരുത്തി നികുതി പുനർനിർണ്ണയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി അപേക്ഷ ലഭിക്കുമ്പോൾ ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും , ഉണ്ടെങ്കിൽ ടാക്സ് റിവിഷൻ നടത്തി അപാകം പരിഹരിക്കേണ്ടതുമാണ്.

## 1-11-7 പെർമിറ്റ് രജിസ്റ്റർ പരിപാലനം - അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതും ,ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 29.01.2020 ലെ ആർ.എ1/444/2019- ത.സ്വ.ഭ.വ. പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്ററിൽ എല്ലാ കോളങ്ങളും എഴുതി പൂർത്തിയാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ എക്സ്റ്റൻഷനായി പെർമിറ്റ് നൽകുന്നത് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് കാലാവധി പൂർത്തിയായ കെട്ടിടങ്ങൾ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി കംപ്ലീഷൻ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെയോ നികുതി നിർണ്ണയം നടത്തിയതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ ഇല്ലാത്തതുമൂലം എക്സ്റ്റൻഷൻ ചെയ്ത കെട്ടിടങ്ങൾക്ക് വസ്തു നികുതി പുനർനിർണ്ണയിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/30.09.2023) പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എക്സ്റ്റൻഷനായി പെർമിറ്റ് നൽകുന്ന കെട്ടിടങ്ങൾക്ക് നികുതി പുനർനിർണയിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-11-8 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതിചോർച്ച ഒഴിവാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 05/23.09.2023) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് പ്രത്യേകമായി നടത്തുന്നില്ലായെന്നും ലൈസൻസുകൾ അനുവദിക്കുമ്പോഴും , ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോഴും ഒക്യുപൻസി സംബന്ധിച്ച ഫീൽഡ് പരിശോധന നടത്താറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഒക്യുപൻസി ലഭിച്ചതിന് ശേഷമുള്ള നിർമ്മാണങ്ങൾ കണ്ടെത്തി ടാക്സ് റിവിഷൻ നടത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-11-9 വസ്തു നികുതി - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതി വരവ് 3960000/- രൂപയാണ്. സഞ്ചയ, പ്രകാരമുള്ള വസ്തു നികുതി വരവ് 2986453/- രൂപയും (റെസിഡൻഷ്യൽ - 1743745/- + 1242708/- ) ഐ.എൽ.ജി.എം.എസ് പ്രകാരമുള്ളത് 2753966/- രൂപയും (റെസിഡൻഷ്യൽ - 1511518/- + 1242448/-) ആണ്. ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ മേൽ വ്യതിയാനം പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. വസ്തു നികുതിയിനത്തിലെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11-10 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഐ.ഡി | കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (M2) | നികുതി നിലവിൽ വന്ന അർദ്ധവർഷം |
|---|---|---|---|---|---|
| 1 | 50227010016958 | 3/177/A | Brijesh | 163.2 | 2022 രണ്ടാം അർദ്ധവർഷം |
| 2 | 50227010016878 | 3/380/F | Lalithamma Amma | 145.5 | 2022 ഒന്നാം അർദ്ധവർഷം മുതൽ |

ടാക്സ് റിവിഷൻ നടത്തി മേൽ വാണിജ്യ സ്ഥാപനങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/29.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് നികുതി ഈടാക്കിയ വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇലകമൺ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | തുളസീധരൻ പിള്ള.സി | വിഷ്ണു ലാൻഡ്, മാവിള, ഭൂതക്കുളം, പരവൂർ |
| 2 | അനിൽകുമാർ.ജി | അരുൺ ഭവൻ, കിഴക്കേപ്പുറം പി.ഒ, അയിരൂർ |
| 3 | രാധാകൃഷ്ണൻ | ശ്രീരാഗം, പാളയംകുന്ന്, വർക്കല |
| 4 | നസീർ.എസ് | പാണന്റഴികം ഹൗസ്, അയിരൂർ പി.ഒ, വർക്കല |
| 5 | സുഗുണാനന്ദൻ.എം | പാട്ടത്തിൽ, ഞെക്കാട്, വടശ്ശേരിക്കോണം പി.ഒ, വർക്കല |
| 6 | രാഗേഷ് എസ് | ശ്രീനിവാസപുരം, വർക്കല |
| 7 | രാജേന്ദ്ര പ്രസാദ് ബി | പ്രശോഭന മന്ദിരം, പുത്തൻകുളം |
| 8 | ആനന്ദ് കൃഷ്ണദീപ് | തൃപ്തി, പാളയംകുന്ന്, വർക്കല |
| 9 | ശ്രീകുമാർ എസ് | എസ്.എസ്.നിവാസ്, തേരിവിള, അതിയന്നൂർ |
| 10 | ശ്രീജിത്ത് എസ് | എസ്.എസ്.നിവാസ്, തേരിവിള, അതിയന്നൂർ |
| 11 | മോഹന കുമാർ പി.ആർ | കൗസ്തുഭം, തീരം റോഡ്, തിരുവനന്തപുരം |

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നം. 3, 8, 10 കോൺട്രാക്ടർമാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/26.09.2023) കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നൽകുന്നതാണെന്നും, തുടർന്നും അടവാക്കാത്ത പക്ഷം പലിശ സഹിതം തൊഴിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

തൊഴിൽ നികുതി ഡേറ്റാബേസ് നിലവിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ലായെന്നും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരാവയരുടെ വിവര ശേഖരണം നടത്തി സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/23.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യകതികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ സാധ്യതകൾ തേടേണ്ടതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര

പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. പദ്ധതി തുകയുടെ അറുപത് ശതമാനമോ 50 ലക്ഷം രൂപയോ മാത്രമാണ് ടൂറിസം ഡിപ്പാർട്ട്മെന്റ് ലഭ്യമാക്കുന്നതെന്നും ബാക്കി തുക കണ്ടെത്താൻ കഴിയാത്തതിനാലാണ് പദ്ധതി ഏറ്റെടുക്കാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്( 06/23.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭരണസമിതി യോഗ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ കായൽപ്പുറം മുതൽ നെല്ലേറ്റിൽ കടവ് വരെയുള്ള പ്രകൃതി രമണീയമായ സ്ഥലത്തിന്റെ ടൂറിസം വികസന സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണെന്ന് ചർച്ച ചെയ്തതായി കാണുന്നു. പഞ്ചായത്തിലെ ടൂറിസം വികസന സാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെയും, അതിലൂടെ പഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവിന്റെയും സാധ്യത പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 1-15 പഞ്ചായത്തിന്റെ ആസ്തികൾ ലേലം ചെയ്തു നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്

ലേല രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന ആസ്തികൾ ലേലം ചെയ്ത് നൽകിയതായി കാണുന്നില്ല.

എ) പാളയംകുന്ന് പപ്പുക്കുട്ടി മെമ്മോറിയൽ മാർക്കറ്റിലെ തറവാടക ഉൾപ്പെടെയുള്ള ഗേറ്റ് ഫീസ് പിരിവ്.

ബി) പുതുവൽ മാർക്കറ്റിലെ തറവാടക ഉൾപ്പെടെയുള്ള ഗേറ്റ് ഫീസ് പിരിവ്.

സി) ഇലകമൺ പുതുവൽ മാർക്കറ്റിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നും പാകമായ മേലാദായം എടുക്കുന്നതിനുള്ള അവകാശം.

ഡി) വില്ലിക്കടവിലെ പഞ്ചായത്ത് ഭൂമിയിലെ ഫലവൃക്ഷങ്ങളിൽ നിന്നും പാകമായ മേലാദായം എടുക്കുന്നതിനുള്ള അവകാശം.

ലേലം, പുനർലേലം എന്നിവ നടത്തിയെങ്കിലും ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറാകാത്തതിനാലാണ് മേൽ ആസ്തികൾ ലേലം നടത്താതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (58/ 04.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആസ്തികൾ ലേലം ചെയ്യപ്പെടാത്തതിന്റെ യഥാർത്ഥ കാരണം പരിശോധനാ വിധേയമാക്കേണ്ടതും, ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-16 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമത അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാനമേഖലകൾ:

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടെങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള

സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

2) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷ്വറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും രക്ഷപെടുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം.

3) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ് :

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

4) മുൻ വസ്തുനികുതി പരിഷ്കരണ ത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2013നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ്.

ഓഡിറ്റിന്റെ ശുപാർശകൾ:

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKMനോട് ആവശ്യപ്പെടാവുന്നതാണ്.

6) വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്

7) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

8) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

9) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് വസ്തുനികുതി പരിഷ്ക്കരണം സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

10) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

11) പഞ്ചായത്തിലെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയ്തു നൽകുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

12) വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ലൈബ്രറി സെസ് - യഥാസമയം അടവാക്കുന്നില്ല

20-09-2005 -ലെ സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

ഒരോ വർഷവും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കേണ്ടതുണ്ട്. ആദ്യഗഡു ഏപ്രിൽ 30 – നകവും രണ്ടാമത്തെ ഗഡു നവംബർ 30 – നകവുമാണ് അടവാക്കേണ്ടത്. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ ഹെഡ് കോഡ് 350300101 പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 129731/- രൂപ അടവാക്കുവാനുണ്ടായിരുന്നു. തൻവർഷം പ്രസ്തുത ഇനത്തിൽ 140577/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. മുന്നിരിപ്പ് തുകയായ 129731/- രൂപ ഉൾപ്പെടെ 2022-23 ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂൾ പ്രകാരം 270308/- രൂപ പ്രസ്തുത ഇനത്തിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ലൈബ്രറി സെസ് തുക യഥാസമയം ലൈബ്രറി കൗൺസിലിൽ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/03.10.2023) തുക യഥാസമയം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈബ്രറി കൗൺസിലേയ്ക്ക് അടവാക്കേണ്ട ലൈബ്രറി സെസ് യഥാസമയം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അടവാക്കാൻ അവശേഷിക്കുന്ന ലൈബ്രറി സെസ് അടിയന്തിരമായി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ഓൺലൈൻ പേമെന്റ് തുക ലഭ്യമാകുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കുള്ള ഫീസ് തുകകളും, നികതി-നികുതിയേതര വരവിനത്തിലുള്ള തുകകളും ഓൺലൈനായി ഒടുക്കുന്നത് പഞ്ചായത്തിന്റെ 37214579354 നമ്പർ (എസ്.ബി.ഐ. പാളയംകുന്ന് ശാഖ) അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേയ്മെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. പഞ്ചായത്തിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 60828/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. തുടർമാസങ്ങളിലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും ടി തുക 3 മാസം കഴിഞ്ഞിട്ടും ലഭിക്കാത്ത അവസ്ഥയുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയം സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (46/03.10.2023) വിഷയം ഐ.കെ.എം - ന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-19 ലൈസൻസ് - അപാകങ്ങൾ

ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-19 -1 വളർത്തു നായകളുടെ ലൈസൻസ് – അപാകങ്ങൾ

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ 980 വളർത്തുനായകളുള്ളതായും 6 എണ്ണത്തിന് ലൈസൻസ് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 243 നായകൾക്ക് ലൈസൻസ് നൽകിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമല്ല. നിലവിൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 737 നായ്ക്കൾക്ക് ലൈസൻസ് നൽകേണ്ടതായിട്ടുണ്ട്. ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമാക്കേണ്ടതാണ്

2)രജിസ്റ്റർ പ്രകാരം 31 വ്യക്തികൾ ഒന്നിലധികം നായ്ക്കളെ വളർത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (2 എണ്ണം വളർത്തുന്നവർ-28, 3 എണ്ണം വളർത്തുന്നവർ-3). എന്നാൽ ഒരു നായയുടെ ലൈസൻസ് ഫീസ് മാത്രമാണ് ഇവരിൽ നിന്ന് ഈടായിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 18 തീയതി 27-9-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ നായ്ക്കളുടെ എണ്ണത്തിനനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

## 1-19-2 ഡയറി ഫാം ലൈസൻസ്- അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് അനുസരിച്ച് ചുവടെ പറയും പ്രകാരം ഫാമുകൾ പഞ്ചായത്ത്

പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| ഡയറി ഫാം | 2 |
| ആട് ഫാം | 1 |
| മുട്ടക്കോഴി ഫാം | 2 |

എന്നാൽ, 2022-23 സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്പെക്ടറുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ എട്ട് വ്യക്തികൾ മിനി ഡയറി ഫാം ആധുനികവൽക്കരണം ചെയ്യുന്നതിനുള്ള ആനുകൂല്യം നേടിയിട്ടുണ്ട്. അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നവർക്കാണ് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടുള്ളത്. 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നവർ പഞ്ചായത്തിന്റെ ലൈസൻസോടു കൂടി മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 30 തീയതി 29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകൾ നടത്തുന്നവരെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-19-3 ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ - അപാകങ്ങൾ

ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് 2022-23 പ്രകാരം പഞ്ചായത്തിൽ 301 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 238 വ്യാപാര സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള 63 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 1422 |
| 2 | 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 66 |
| 3 | 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | - |
| 4 | 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 40 |
| 5 | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 4 |
| 6 | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 54 |
| | ആകെ | 1586 |

301 സ്ഥാപനങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ അനുസരിച്ച് 1285 സ്ഥാപനങ്ങൾക്ക് സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 62 തീയതി 04.10.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമപരമായി ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-20 മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ശാരീരിക വെല്ലുവിളി

നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0106/2023 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 219500/- (169500/- വികസന ഫണ്ട് ജനറൽ, 50000/- ബ്ലോക്ക് വിഹിതം) |
| ചെലവ് | 159200/-(109200/-വികസന ഫണ്ട് ജനറൽ, 50000/- ബ്ലോക്ക് വിഹിതം) |
| ബിൽ നമ്പർ | 116/25.10.22 തുക 44200/-<br>235/06.01.23 തുക 31400/-<br>352/01.03.23 തുക 33600/-<br>BRN 22010752063100707477 Dtd 29.10.22 തുക 50000/- (ബ്ലോക്ക് വിഹിതം) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രോജക്ട് മുഖേന സ്കോളർഷിപ്പ് ലഭിച്ച പൂജ ഗോപാലകൃഷ്ണൻ, കീർത്തി ബിജു എന്നീ വിദ്യാർത്ഥികളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിൽ പ്രസ്തുത വിദ്യാർത്ഥികൾ സെറിബ്രൽ പാൾസി ബാധിതരാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ.ഉ (സാധാ) നം. 181/2020/ ത.സ്വ.ഭ.വ തീയതി 23/01/2020 പ്രകാരം സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവരെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മാനസിക വൈകല്യമുള്ളവരുടെ വിഭാഗത്തിൽപ്പെട്ട മേൽ വിദ്യാർത്ഥികൾക്ക് സ്നേഹസ്പർശം പ്രോജക്ട് മുഖേന തുക അനുവദിക്കുന്നതിന് പകരം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർളിപ്പ് മുഖേന തുക അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/26.09.2023) 2023-24 സാമ്പത്തിക വർഷം മുതൽ മേൽ വിദ്യാർത്ഥികളെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ലഭ്യമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ ഏത് വിഭാഗത്തിൽ (ശാരീരികം / മാനസികം) ഉൾപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും അർഹമായ ആനുകൂല്യം അനുവദിക്കേണ്ടതുമാണ്.

## 1-21 സ്ത്രീ പദവി പഠനം - പെൺ അടയാളങ്ങൾ - തുടർ വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0117/2023 |
| പ്രോജക്ടിന്റെ പേര് | സ്ത്രീ പദവി പഠനം - പെൺ അടയാളങ്ങൾ |
| അടങ്കൽ | 47500/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 12500/- |
| ബിൽ നമ്പർ | 292/10.02.2023 തുക 12500/- |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതിയുടെ ഭാഗമായി സ്ത്രീകളുടെ അവസ്ഥാ പഠനവുമായി ബന്ധപ്പെട്ട് വാർഡുകളിൽ സർവ്വേ നടത്തുന്നതിന് മല്ലിക.ആർ, ജാസ്മിൻ എന്നീ വ്യക്തികളെ ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ, പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ സ്ത്രീകളുടെ നിലവിലെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ അവസ്ഥ സംബന്ധിച്ച, വിവര ശേഖരണ ഷീറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വിവര ശേഖരണത്തിന് തുടർച്ചയായുള്ള വിവരങ്ങളുടെ ക്രോഡീകരണം, പഠന റിപ്പോർട്ട് തയ്യാറാക്കൽ നടപടികൾ എന്നിവയുടെ നിലവിലെ സ്ഥിതി വിവരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 27/29.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ത്രീ പദവി പഠന റിപ്പോർട്ട് പൂർത്തിയായതിനു ശേഷം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 അങ്കണവാടി പോഷകാഹാരം - വിലനിലവാരം പരിശോധനാ വിധേയമാക്കേണ്ടതാണ്.

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി (പ്രോജക്ട് നമ്പർ 21/23, 22/23) കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ അയിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വക കെടാകുളം നീതി സ്റ്റോറിൽ

നിന്നമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/സാനീവ നം. സർക്കുലർ പ്രകാരം നിബന്ധനകൾക്ക വിധേയമായി സപ്ലൈകോ സ്റ്റോറുകളുടെ NOC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ലൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്നും ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും CWDO/PO/CDPO/ICDS സൂപ്പർവൈസർ എന്നീ ഉദ്യോഗസ്ഥരിൽ ആരെങ്കിലുമൊരാൾ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/29.09.2023) സാധനങ്ങളുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കുന്നുണ്ടെന്ന് അറിയിച്ചെങ്കിലും പഞ്ചായത്തിൽ വിലനിലവാരം സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. നീതി സ്റ്റോറിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ വില സപ്ലൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-23 ബയോ കമ്പോസ്റ്റ് ബിൻ വിതരണം- ബിൽ തുകയിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0030/23 |
| പ്രോജക്ടിന്റെ പേര് | വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ വിതരണം |
| അടങ്കൽ | 2073600/- (ധനകാര്യ കമ്മീഷൻ അവാർഡ്- 1866240/-<br>ഗുണഭോക്തൃ വിഹിതം - 207360/-) |
| ചെലവ് | 862560/- (ധനകാര്യ കമ്മീഷൻ അവാർഡ്- 754740/-<br>ഗുണഭോക്തൃ വിഹിതം - 107820/-) |
| ബിൽ നമ്പർ | 19/23.06.2022 തുക 754740/- ( സി.എഫ്.സി ടൈഡ്)<br>ചെക്ക് നമ്പർ 092193 തീയതി 29.06.2022 തുക 107820/- (ഗുണഭോക്തൃ വിഹിതം) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 |

വീടുകളിൽ ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അതിലൂടെ മാലിന്യ നിർമാർജനം, സമ്പൂർണ്ണ ശുചിത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ബയോ കമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ചതാണീ പ്രോജക്ട്. ഒരു ബയോകമ്പോസ്റ്റ് ബിന്നിന്റെ വില 1800/- രൂപ നിരക്കിൽ 599 എണ്ണം ഐ.ആർ.റ്റി.സി.പി.ഐ.യു വിൽ നിന്നും 10,78,200/- രൂപയ്ക്ക് വാങ്ങുകയും 2,15,640/- രൂപ 2021-22 സാമ്പത്തിക വർഷം നൽകുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 8,62,560/- രൂപ 2022-23 ൽ പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ, IRTC Project Implementation Unit ന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി .ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

പദ്ധതി സ്പിൽ ഓവറായി തുടർന്നു വരുകയാണെന്നും IRTC യ്ക്ക് നൽകുവാൻ അവശേഷിക്കുന്ന തുകയിൽ നിന്നും 2% ജി.എസ്.ടി.ടി.ഡി.എസ് കുറവ് ചെയ്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 38/30.09.2023). ബിൽ തുകയിൽ നിന്നും ജി.എസ്.ടി.ടി.ഡി.എസ് കുറവ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും വരും വർഷങ്ങളിൽ 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുമാണ്.

## 1-24 ലൈഫ് 20-20 ഭവന നിർമ്മാണം - എസ്.സി.പി വിഹിതം പൊതുവിഭാഗത്തിൽപ്പെട്ട വ്യക്തിക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0195/2023 |
| പ്രോജക്ടിന്റെ പേര് | ലൈഫ് 20-20 ഭവന നിർമ്മാണം എസ്.സി.പി |
| അടങ്കൽ | 24000000/- (വികസന ഫണ്ട് - എസ്.സി.പി - 1351981/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - 6000000/- |

| | |
|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2865388/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 2000000/-<br>മറ്റുള്ളവ - 11782631/-) |
| ചെലവ് | 1000000/- ( വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ | 333/25.02.2023 തുക 160000/-<br>334/25.02.2023 തുക 40000/-<br>373/06.03.2023 തുക 40000/-<br>394/15.03.2023 തുക 120000/-<br>395/15.03.23 തുക 40000/-<br>491/28.03.2023 തുക 40000/-<br>492/28.03.2023 തുക 80000/-<br>496/28.03.2023 തുക 160000/-<br>498/28.03.2023 തുക 40000/-<br>489/28.03.2023 തുക 80000/-<br>536/28.03.2023 തുക 40000/-<br>534/31.03.2023 തുക 160000/- |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 |

മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങൾ പരിശോധിച്ചതിൽ ലൈഫ് 20-20 ഭവന നിർമ്മാണ പദ്ധതി ജനറൽ (പ്രോജക്ട് നമ്പർ 197/23) ഗുണഭോക്താവായ ശ്രീമതി തേക്കില, ഉണ്ടുവിള വീട്, ഹരിഹരപുരം എന്ന വ്യക്തിക്ക് ബിൽ നമ്പർ 334/25.02.2023 പ്രകാരം 40000/-രൂപ അനുവദിച്ചതായി കാണുന്നു. സ.ഉ(കൈ)84/22 /ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി പട്ടിക ജാതി ഉപപദ്ധതി വിഹിതം പൊതുവിഭാഗത്തിൽ പെട്ട വ്യക്തിക്ക് അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 28/29.09.2023) സ്പിൽ ഓവറായതും പുതിയതുമായ 6 ലൈഫ് പ്രോജക്ടുകൾ ഒരേ സമയം നിർവഹണം നടന്നുവന്നതിനാലാണ് ജനറൽ വിഭാഗത്തിൽ പെട്ട ഗുണഭോക്താവിനെ എസ്.സി ഗുണഭോക്താവായി തെറ്റായി കണക്കാക്കി ആദ്യ ഗഡു അനുവദിച്ചതെന്നും, അപാകം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് തുടർഗഡുക്കൾ പൊതു വിഭാഗം ഫണ്ടിൽ നിന്നുമാണ് അനുവദിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകം മൂലം എസ്.സി ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിൽ കാലതാമസമോ തുക ലഭിക്കാതിരിക്കുകയോ ചെയ്തിട്ടില്ലായെന്നും ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. പട്ടിക ജാതി ഉപപദ്ധതി വിഹിതം പാഴാക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-25 ലൈഫ് പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0031/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവന നിർമ്മാണം |
| അടങ്കൽ | 3641918<br>(വികസന ഫണ്ട് എസ്.സി.പി - 61918/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - 1300000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 200000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 200000/-<br>മറ്റുള്ളവ - 1880000/- |
| ചെലവ് | 700000/- |

| | |
|---|---|
| | (വികസന ഫണ്ട് എസ്.സി.പി - 61918/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - 438082/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 200000/-) |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |

മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ ശ്രീമതി ജലജ, ആദ്യ ഗഡുവായി 80000/- രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെയും പണി ആരംഭിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ [സ.ഉ(കൈ) നം.34/2018 തീയതി 16.03.2018 ] പ്രകാരം ധനസഹായമായ 400000/- രൂപ നാല് ഗഡുക്കളായി അനുവദിക്കുന്നതിൽ കരാർ വയ്ക്കുമ്പോൾ ആദ്യ ഗഡുവായി 10% ആയ 40000/- രൂപ മാത്രമാണ് അനുവദിക്കേണ്ടത്. ഇതിന് വിരുദ്ധമായി ശ്രീമതി ജലജയ്ക്ക് ആദ്യ ഗഡുവായി 80000/- രൂപ അനുവദിച്ചതിന്റെയും, പണി ആരംഭിക്കാത്തതിന്റെയും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/30.09.2023), മാർച്ച് മാസത്തിൽ തുക വളരെ പെട്ടെന്ന് അനുവദിക്കേണ്ടി വന്നതിനാലാണ് 40000/- രൂപയ്ക്ക് പകരം 80000/- രൂപ അനുവദിച്ചതെന്നും ഗുണഭോക്താവിനോട് പലപ്രാവശ്യം വീട്ടു പണി തുടങ്ങുവാൻ ആവശ്യപ്പെട്ടുവെങ്കിലും, വീട് പണി ആരംഭിക്കുന്നതിന് സാവകാശം ആവശ്യപ്പെട്ടതായും, തുടങ്ങാൻ താമസമുണ്ടാകുന്ന പക്ഷം 80000/- രൂപ പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താവിന്റെ വീട്ടു പണി ആരംഭിക്കുന്നതിനു വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 ലൈഫ് പദ്ധതി പ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ | S0080/2023 | S0079/2023 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - എസ്.സി.പി | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - ജനറൽ |
| അടങ്കൽ | 3000000/-<br>(വികസന ഫണ്ട് എസ്.സി.പി - 225000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -1800000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 975000/-) | 1975000/-<br>(വികസന ഫണ്ട് പൊതുവിഭാഗം - 1000000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -400000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 575000/-) |
| ചെലവ് | 225000/-<br>(വികസന ഫണ്ട് എസ്.സി.പി) | 1000000/-<br>(വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നമ്പർ | 422/16.03.2022 തുക 225000/- | 332/25.02.2023 തുക 200000/-<br>423/16.03.2023 തുക 200000/-<br>500/28.03.2023 തുക 200000/-<br>535/31.03.2023 തുക 400000/- |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 1 | |

മേൽപദ്ധതികൾ പ്രകാരം ഭൂമി ലഭിച്ചവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - ജനറൽ

1) രമണി അമ്മ, പാറവിള, ഹരിഹരപുരം പി.ഒ

2) ശാന്ത, ചരുവിള പുത്തൻവീട്, പാരിപ്പള്ളി പി.ഒ

3) സുനിത, കല്ലുവിള വീട്, കിഴക്കേപ്പുറം പി.ഒ

4) സുദേവൻ, എസ്.എസ്.നിലയം, മൂലഭാഗം

5) തങ്കമണി,ശ്യാം നിവാസ്, പാളയംകുന്ന് പി.ഒ

ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - എസ്.സി.പി

1) രാജു.ബി, കുന്നും പുറത്ത് വീട്, പാളയം കുന്ന് പി.ഒ

മേൽ ഗുണഭോക്താക്കളിൽ ശ്രീമതി രമണി അമ്മ, പാറവിള വീട് മാത്രമാണ് ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. മറ്റ് വ്യക്തികൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി പ്രകാരം ഭൂമി ലഭിച്ചവരുടെയും ലൈഫ് ഭവന നിർമ്മാണം വഴി ഭവനം ലഭിച്ചവരുടെയും വിവരം ഉൾപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ, ഭൂമി ലഭിച്ച ചുവടെ ചേർക്കുന്ന വ്യക്തികൾ ഓഡിറ്റ് തീയതി വരെയും ഭവന നിർമ്മാണത്തിനായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്ന് കാണുന്നു.

| പേര് | വിഭാഗം | ഭൂമി ലഭിച്ച സാമ്പത്തിക വർഷം |
|---|---|---|
| പ്രിയ, ചരുവിള പുത്തൻവീട്, ചാവർകോട് | എസ്.സി | 2020-21 |
| ശ്രീമതി, ചരുവിള വീട്, വേങ്കോട് | ജനറൽ | 2020-21 |
| കുഞ്ഞിക്കുട്ടി, പാണിൽ ലക്ഷം വീട്, ഊന്നിൻമൂട് | എസ്.സി | 2020-21 |
| ഷൈനി, ചാരുംകുഴി | എസ്.സി | 2020-21 |
| സത്യൻ, ചരുവിള പുത്തൻവീട്, കടവിൻകര | എസ്.സി | 2020-21 |
| ഹസിയ, കുന്നത്ത് വീട്, അയിരൂർ | ജനറൽ | 2021-22 |

2020-21 സാമ്പത്തിക വർഷം ഭൂമി ലഭിച്ച എസ്.സി ഗുണഭോക്താക്കൾക്ക് പലപ്രാവശ്യം അറിയിപ്പ് നൽകിയിട്ടും പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് താൽപര്യപ്പെടുന്നില്ലായെന്നും, ജനറൽ വിഭാഗത്തിൽപെട്ട ശ്രീമതി, ഹസിയ എന്നിവർ ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി മുഖേന ഭൂമി ലഭിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണ ആനുകൂല്യം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 50/03.10.2023 ന്റെ മറുപടി).

## 1-27 വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം - പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0078/23 |
| പ്രോജക്ടിന്റെ പേര് | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം |
| അടങ്കൽ | 300000 (കേന്ദ്രാവിഷ്കൃത ഫണ്ട് - SBM Rural And Urban) |
| ചെലവ് | 126000/- |
| ബിൽ നമ്പർ | 211/28.12.2022 തുക 60000/-<br>339/25.02.2023 തുക 6000/-<br>340/25.02.2023 തുക 6000/-<br>351/28.02.2023 തുക 12000/-<br>369/04.03.2023 തുക 6000/-<br>388/13.03.2023 തുക 6000/-<br>425/16.03.2023 തുക 6000/-<br>441/18.03.2023 തുക 6000/-<br>450/24.03.2023 തുക 6000/-<br>524/29.03.2023 തുക 12000/- |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 |

മേൽ പ്രോജക്ട് പ്രകാരം ശൗചാലയ നിർമ്മാണത്തിനായി മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന വ്യക്തികൾ നിർമ്മാണം പൂർത്തീകരിച്ചില്ല. 12000 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച പ്രോജക്ടിൽ 6000 രൂപയാണ് മുൻകൂറായി നൽകിയത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | മുൻകൂർ കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | നിഷ ദേവി, ചരുവിള വീട്, ഹരിഹരപുരം | 28/12/2022 |
| 2 | സതീദേവി, പുത്തൻവീട്, ഹരിഹരപുരം | 28/12/2022 |
| 3 | നളിനാക്ഷി, ശ്രീജിത് ഭവൻ, കിഴക്കേപ്പുറം | 28/12/2022 |
| 4 | ദിനേഷ്.ആർ, ആലുവിളപ്പുറം, ഹരിഹരപുരം | 25/02/2023 |
| 5 | മിനി.ബി, കല്ലുവിള വീട്, തെറ്റിക്കുഴി | 09/03/2023 |

മേൽ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (51/03.10.2023) പ്രസ്തുത വ്യക്തികൾ നിലവിൽ പണി പൂർത്തീകരിച്ചതായും നടപ്പ് സാമ്പത്തിക വർഷത്തിൽ ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് പണി പൂർത്തിയാക്കിയ മുറയ്ക്ക് തുക അനുവദിക്കേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-28 പ്രവർത്തനമൊന്നുമില്ലാത്ത സാംസ്കാരിക നിലയം അറ്റകുറ്റപ്പണിക്കായി 79,923/- രൂപ ചെലവഴിച്ചു.

ഊന്നിൻമൂട് സാംസ്കാരിക നിലയത്തിന്റെ അറ്റകുറ്റപ്പണിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0175/23 | |
| പ്രോജക്ടിന്റെ പേര് | ഊന്നിൻമൂട് സാംസ്കാരിക നിലയം അറ്റകുറ്റപ്പണി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 40000 | 40000 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 60000 | 39923 |
| ആകെ | 100000 | 79923 |
| കരാറുകാരൻ | നസീർ.എസ്. (എസ്റ്റിമേറ്റ് നിരക്ക്) | |
| സാങ്കേതികാനുമതി | 88520/2022-5-1-1 തീയതി 28.11.22 | |
| ഭരണാനുമതി | 2(1)/03.11.2022 | |
| ബിൽ നമ്പർ | 533/31.03.2023 തുക 40000<br>505/28.03.2023 തുക 39923 | |

പ്ലംബിംഗ് പ്രവൃത്തികൾക്കായും ടൈൽ ഇടുന്നതിനുമായാണ് തുക ചെലവഴിച്ചിരിക്കുന്നത്. 03.10.2023ൽ നടത്തിയ സ്ഥലപരിശോധനയിൽ, സാംസ്കാരിക നിലയം പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുന്നതായും അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായും കാണപ്പെട്ടു.

സാംസ്കാരിക നിലയത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ, ചുമതല ഏല്പിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 56/ 04.10.2023) മറുപടിയായി, സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഫർണിച്ചർ വാങ്ങുന്നതിന്, 2023-24 വർഷം പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം ആരംഭിച്ചതായി അറിയിച്ചു. വികസന ഫണ്ട് ഉപയോഗിച്ച് പദ്ധതിപ്പണം ചെലവഴിച്ചശേഷം പ്രവർത്തനക്ഷമമാക്കാതെ കെട്ടിടം അടച്ചിടുന്നത് പദ്ധതിപ്പണത്തിന്റെ പാഴ്ചെലവിലേക്ക് നയിക്കും. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കന്നുകുട്ടി പരിപാലന പദ്ധതി- ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0125/23 | |
| പേര് | കന്നുകുട്ടി പരിപാലന പദ്ധതി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ജനറൽ) | 300000 | 300000 |
| ഗുണഭോക്തൃ വിഹിതം | 300000 | 0 |

| | | |
|---|---|---|
